ലിസ്റ്റ് 3

പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിന്മേലുള്ള ഔദ്യോഗിക ഭേദഗതി

മൂന്നാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ,
ബഹു. മുഖ്യമന്ത്രി.

871. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കുന്ന വകുപ്പ് 2(ഇസഡ് എഫ്എ)-ൽ "22 എ" എന്നതിന് പകരം "22 എ" എന്ന് ചേർക്കുക.

ഏഴാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ,
ബഹു. മുഖ്യമന്ത്രി.

872. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കുന്ന വകുപ്പ് 7 എ-യിൽ

(i) (ഇസഡ് സി) ഖണ്ഡത്തിൽ "തുറമുഖ പ്രവേശന ഭാഗങ്ങളുടെയോ" എന്നതിന് പകരം "തുറമുഖപ്രവേശങ്ങളുടെയോ" എന്ന് ചേർക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ (ഇസഡ് പി) താഴെ പറയുന്ന പ്രകാരം മാറ്റുക.

(ii) (ഇസഡ് പി) ഖണ്ഡം താഴെ പറയുന്ന പ്രകാരം മാറ്റുക

"(ഇസഡ് പി) യാനം, ഉൾനാടൻ ജലയാനം, ബാർജ്, യാട്ട്, ബോട്ട്, ടഗ്, ഡ്രെഡ്ജർ, ജെട്ടി, തുറമുഖം, വാർഫ്, മൂറിങ് എന്നിവയ്ക്ക് ബാധകമാകുന്ന അതത് നിയമങ്ങളിലെയും അവയ്ക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വിവിധ സർട്ടിഫിക്കറ്റുകൾ, ലൈസൻസുകൾ എന്നിവ നൽകുക;".

(iii) (ഇസഡ് ക്യു) ഖണ്ഡം താഴെ പറയുന്ന പ്രകാരം മാറ്റുക.

"(ഇസഡ് ക്യു) ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന തുറമുഖേതര ഭൂമികളുടെ ഉൽപാദനപരമായ ഉപയോഗത്തിനായി, കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിലെയും തീരദേശ പരിപാലന നിയമങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി സംയോജിത ടൗൺഷിപ്പുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക;".

പതിനൊന്നാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ,
ബഹു. മുഖ്യമന്ത്രി.

873. ഖണ്ഡം 11 (ii) പ്രകാരം ചേർക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 22 (ബി)-യുടെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ഒരു വർഷം" എന്നതിന് പകരം "ഏറ്റവും ചുരുങ്ങിയത് മൂന്ന് വർഷങ്ങൾക്ക് " എന്ന് ചേർക്കുക.

പതിനേഴാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ,
ബഹു. മുഖ്യമന്ത്രി.

874. ഖണ്ഡം 17 പ്രകാരം പകരം ചേർക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 103 (1)-ൽ "ഓരോ ഇറമുഖത്തിനും വേണ്ടി" എന്നതിന് ശേഷം ", വിജ്ഞാപനം മുഖേന ," എന്ന് ചേർക്കുക.

പത്തൊൻപതാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ,
ബഹു. മുഖ്യമന്ത്രി.

875. ഖണ്ഡം 19 (i) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ) 15 എ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന എൻഫോഴ്സ്മെന്റ് വിങ്ങിന്റെ ഘടന, പ്രവർത്തനം, ചുമതലകൾ, അധികാരങ്ങൾ എന്നിവ;

(എഎ) 17 എ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ഓപ്ഷൻ നൽകുന്നതിനുള്ള ഫാറം;".

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 28.

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്ജ്.